**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6567** **11-11-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിൽ സ്ഥിരം പമ്പിംഗ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ എല്ലാ പാടശേഖരങ്ങളിലും സ്ഥിരം പമ്പിംഗ് സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കുട്ടനാട്ടിലെ പാടശേഖരങ്ങളിലെ പമ്പിംഗുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതും പമ്പിംഗ് സബ്സിഡി അനുവദിക്കുന്നതും റവന്യൂ വകുപ്പിന്റെ കീഴിലുള്ള പുഞ്ച സ്പെഷ്യൽ ഓഫീസർ മുഖേനയാണ്. പുഞ്ച സ്പെഷ്യൽ ഓഫീസ് മുഖാന്തിരം കൃഷി നടത്തുന്ന പാടശേഖരങ്ങൾക്കാണ് പമ്പിംഗ് സബ്സിഡി അനുവദിക്കുന്നത്. വിജയകരമായി കൃഷി പൂർത്തിയാക്കുന്ന പാടശേഖരങ്ങൾക്കും പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച പാടശേഖരങ്ങൾക്കുമാണ് നിലവിൽ പമ്പിംഗ് സബ്സിഡി നൽകി വരുന്നത്. എല്ലാ പാടശേഖരങ്ങളിലും സ്ഥിരം പമ്പിംഗ് സംവിധാനം ഒരുക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (ബി) | പമ്പിംഗ് പൂർണ്ണമായും സർക്കാർ ചെലവിൽ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് പമ്പിങ് സംവിധാനങ്ങൾ പാടശേഖര സമിതികൾ ഒരുക്കുന്നത്. പമ്പിങ് നടത്തി വെള്ളം വറ്റിച്ച് കൃഷി നടത്തുന്നതിന് പമ്പിങ്ങ് സബ്സിഡി അനുവദിച്ചു കൊണ്ട് 2011-12-ൽ സർക്കാർ ഉത്തരവിറക്കുകയും ആയത് കാലാകാലങ്ങളിൽ പുതുക്കുകയും ചെയ്യുന്നുണ്ട്. അപ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള നിരക്ക് പ്രകാരമാണ് നിലവിൽ പമ്പിങ്ങ് സബ്സിഡി അനുവദിച്ചു വരുന്നത്. 2003- ലെ Kerala Irrigation and Water Conservation Act-ൽ ആവശ്യമായ ഭേദഗതി വരുത്തിയാൽ മാത്രമേ കൃഷി ഇല്ലാത്ത സമയത്ത് പമ്പിങ് സബ്സിഡി അനുവദിക്കുന്നതിന് സാധിക്കുകയുള്ളൂ. പമ്പിംഗ് പൂർണ്ണമായും സർക്കാർ ചെലവിൽ സ്ഥാപിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ